**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2263 — 18.03.2015 ൽ മറുപടിക്ക്

## കേരള കരകൗശല വികസന കോർപറേഷൻ ജനറൽമാനേജർ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.അച്ചുതൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന തസ്തികകളിൽ മാത്രമേ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം അനുവദിക്കുവാൻ പാടുള്ളൂ എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ ഹിന്ദുസ്ഥാൻ ലാറ്റക്സിൽ സെയിൽസ് ഓഫീസർ എന്ന താഴ്ന്ന തസ്തികയിൽ 2470-5495 ശമ്പള സ്കെയിലിൽ ജോലി ചെയ്തിരുന്ന ശ്രീ.എസ്.എം.ആരിഫിനെ ഏത് നിയമപ്രകാരമാണ് കേരള കരകൗശല വികസന കോർപറേഷനിലെ 12600-15600 ശമ്പള സ്കെയിലിലുള്ള എക്സിക്യൂട്ടീവ് തസ്തികയായ ജനറൽ മാനേജർ (മാർക്കെറ്റിംഗ്) ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാൻ 2000 ൽ സംസ്ഥാന സർക്കാർ അനുമതി നൽകിയത് ; | (എ) & (ബി) | സർക്കാർ അംഗീകരിച്ച വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 04.02.2000 ലെ ജി.ഒ(ആർ.ടി)നം. 134/2000/വ്യവ നം. ഉത്തരവ് പ്രകാരം ശ്രീ.എസ്.എം.ആരിഫിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരള കരകൗശല വികസന കോർപറേഷനിൽ ജനറൽ മാനേജർ (മാർക്കെറ്റിങ്) തസ്തികയിൽ നിയമിച്ചിരുന്നു. ബന്ധപ്പെട്ട തീർപ്പ് ഫയൽ കാലാവധി കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ നശിപ്പിക്കപ്പെട്ടതിനാൽ പ്രസ്തുത നിയമനത്തിന് അനുമതി നൽകിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (ബി) ഈ നിയമനത്തിന് സർക്കാർ തലത്തിൽ ആരാണ് അനുമതി നൽകിയത് എന്ന് വിശദീകരിക്കാമോ; | | |
| (സി) ഈ കോർപറേഷനിൽ ക്ലാസ്സ് നാല് ഒഴിച്ചുള്ള തസ്തികയിലെ വിദ്യാഭ്യാസ യോഗ്യത കേരള യൂണിവേഴ്സിറ്റി അംഗീകരിച്ചതായിരിക്കണമെന്ന് കോർപറേഷന്റെ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കെ കേരള യൂണിവേഴ്സിറ്റി അംഗീകരിക്കാത്ത ശ്രീ.എസ്.എം. ആരിഫിന്റെ വിദ്യാഭ്യാസ യോഗ്യത നിയമനത്തിനായി എങ്ങനെ അംഗീകരിക്കപ്പെട്ടുന്ന് വിശദമാക്കാമോ; | (സി) & (ഡി) | ശ്രീ.എസ്.എം.ആരിഫിനെ കേരള കരകരകൗശല വികസന കോർപറേഷനിൽ ജനറൽ മാനേജർ (മാർക്കെറ്റിങ്) ആയി നിയമിക്കുന്നതിനുള്ള കോർപറേഷന്റെ പ്രൊപ്പോസൽ സർക്കാർ 04.12.2003 ലെ ജി.ഒ (ആർ.ടി) നം.1251/2003/വ്യവ. പ്രകാരം അംഗീകരിച്ചിരുന്നു. പ്രസ്തുത നിയമനം ക്രമവിരുദ്ധമാണെന്നും ശ്രീ.ആരിഫിന്റെ യോഗ്യതകൾ പരിശോധിക്കാതെയാണ് നിയമനം നൽകിയതെന്നുമുള്ള ആരോപണങ്ങളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും ശ്രീ.എസ്.എം. ആരിഫ് ഉൾപ്പെടെയുള്ള വരെ പ്രതി ചേർത്ത് വി.സി.13/2003/എസ്.ഐ.യു/ടി.വി.എം നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ |
| (ഡി) ശ്രീ.എസ്.എം.ആരിഫിന് പരസ്യത്തിൽ നിഷ്കർഷിച്ചിരുന്ന പ്രകാരമുള്ള പ്രവർത്തിപരിചയമില്ല എന്ന് കോർപറേഷൻ | | |

| | | | |
|---|---|---|---|
| | സർക്കാരിനെ അറിയിച്ചിട്ടും ഇദ്ദേഹത്തെ സേവനത്തിൽ നിന്നും പിരിച്ച് വിടാത്തത് എന്ത് കൊണ്ടാണെന്ന് വിശദീകരിക്കാമോ; | | ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത വിജിലൻസ് കേസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച അന്തിമറിപ്പോർട്ട് അംഗീകരിച്ച് ബഹു. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കുറ്റാരോപിതർക്കെതിരെയുള്ള തുടർനടപടികൾ ഉപേക്ഷിച്ച് 11.02.2008 ൽ ഉത്തരവായിട്ടുള്ളതുമാണ്. |
| (ഇ) | കോർപറേഷന്റെ ജനറൽ മാനേജർ (മാർക്കെറ്റിംഗ്) എന്ന നിലയിൽ കച്ചവടം വർദ്ധിപ്പിക്കുവാൻ ഇദ്ദേഹം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഇ) & (എഫ്) | കേരള കരകൗശല വികസന കോർപറേഷൻ കാലാകാലങ്ങളിലായി നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന പരമ്പരാഗത വ്യവസായ മേഖലയിലെ ഒരു പൊതുമേഖലാ സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനം ലാഭത്തിലാക്കാൻ ഒരുദ്യോഗസ്ഥന്റെ പ്രവർത്തനം കൊണ്ടുമാത്രം സാധിക്കുകയില്ല മറിച്ച് മാനേജ്മെന്റിന്റേയും തൊഴിലാളികളുടേയും കൂട്ടായ പ്രവർത്തനം കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. പരമ്പരാഗത വ്യവസായമെന്ന നിലയിൽ കരകൗശല മേഖലയെ പരിപോഷിപ്പിക്കുന്നതിനായി ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ഉന്നമനത്തിനായി സർക്കാർ ധനസഹായത്തോടെ മാനേജ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | കച്ചവടം കുറവായതിനാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കോർപറേഷന്റെ ഷോറൂമുകൾ ലാഭത്തിലാക്കുവാൻ മാർക്കെറ്റിംഗ് വിഭാഗത്തിന്റെ തലവൻ എന്ന നിലയിൽ ശ്രീ.എസ്.എം.ആരിഫ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (ജി) | കേരള യൂണിവേഴ്സിറ്റി അംഗീകരിച്ച വിദ്യാഭ്യാസ യോഗ്യതയും നിയമനത്തിനായി നടത്തിയ പരസ്യത്തിൽ നിഷ്കർഷിച്ചതനുസരിച്ചുള്ള പ്രവർത്തി പരിചയവും ഇല്ലാത്തതിനാൽ ശ്രീ.എസ്.എം. ആരിഫിനെ കരകൗശല വികസന കോർപറേഷന്റെ ജനറൽ മാനേജർ (മാർക്കെറ്റിംഗ്) സ്ഥാനത്തുനിന്നും നീക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ജി) | ശ്രീ.എസ്.എം.ആരിഫിന്റെ നിയമനം 04.12.2003 ലെ ജി.ഒ.(ആർ.ടി)നം.1251/03/വ്യവ പ്രകാരം അംഗീകരിക്കുകയും അദ്ദേഹത്തിനെതിരെയുള്ള ആരോപണങ്ങളിൽ 11.02.2008 ൽ തുടർനടപടികൾ ഉപേക്ഷിച്ച് ബഹു.തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ